# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി

## 14.02.2013–ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേംബറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ വൈകുന്നേരം 3.15–ന് ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി ചെലവിന്റെ അവലോകനം അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

2.2 സംയുക്ത പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് 31.01.2012–ലെ ജി.ഒ (എം.എസ്) 40/2013/തസ്വഭവ നമ്പർ ഉത്തരവിലെ തീരുമാനങ്ങൾ നടപ്പു സാമ്പത്തിക വർഷത്തിൽ ബാധകമല്ലെന്നും അടുത്ത വർഷത്തെ പദ്ധതികളിലാണ് അവ പാലിക്കേണ്ടതെന്നും നിശ്ചയിച്ചു. തത്സംബന്ധമായി സ്പഷ്ടീകരണം അടിയന്തിരമായി പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു.

2.3 നിർമ്മിതി കേന്ദ്രങ്ങളെ പണികൾ ഏൽപ്പിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പുവർഷം അവ തുടരാമെന്നും 30.01.2013–ലെ ജി.ഒ (സാധാ) 244/2013/തസ്വഭവ നമ്പർ ഉത്തരവിലെ തീരുമാനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തെ പ്രോജക്ടുകൾക്കാണ് ബാധകമാകുന്നതെന്നും അടിയന്തിരമായി സ്പഷ്ടീകരണം പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു. നിർമ്മിതി കേന്ദ്രങ്ങൾ തത്സംബന്ധമായി സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രം പോലെയുള്ള അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവൃത്തി ഏൽപ്പിച്ച് കൊടുക്കുന്നതു സംബന്ധിച്ച് വിശദമായ ചർച്ചകൾ പിന്നീട് നടത്തുന്നതിനും തീരുമാനിച്ചു.

2.4 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് പുറപ്പെടുവിച്ച 04.02.2013–ലെ ജി.ഒ.(എം.എസ്)47/2013/തസ്വഭവ നമ്പർ ഉത്തരവിന് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകാൻ തീരുമാനിച്ചു. ഒന്നാം വാർഷിക പദ്ധതി രൂപീകരണ വേളയിൽ 18.08.2012–ലെ ജി.ഒ.(എം.എസ്)225/12/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 11.1 മുതൽ 11.15 വരെയുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ രണ്ടാം വാർഷിക പദ്ധതി രൂപീകരണത്തിന് അത് അവർ ആവർത്തിക്കേണ്ടതില്ല.

3. **പ്രത്യേക വിഷയങ്ങൾ**

**3.1 അപ്സര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പുലാപ്പറ്റ – പാലക്കാട്**
**(ഫയൽ നം.72948/ഡി.എ1/12/തസ്വഭവ)**

എൻ.ജി.ഒ. നയം അംഗീകരിച്ചശേഷം തീരുമാനം കൈക്കൊള്ളാമെന്ന് നിശ്ചയിച്ചു. കരട് എൻ.ജി.ഒ. നയം രൂപീകരിച്ച സ്ഥിതിക്ക് അതിന്റെ കോപ്പി അടിയന്തിരമായി ലഭ്യമാക്കാൻ ‘കില’ ഡയറക്ടർക്ക് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കരുനാഗപ്പള്ളി നഗരസഭ**

തനതുഫണ്ട് ഉപയോഗിച്ച് അവാർഡ് ഏർപ്പെടുത്തുന്നതിന് അനുമതി നൽകേണ്ടതില്ല എന്ന 23.01.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിക്കുന്നില്ല എന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

അംഗൻവാടികൾക്ക് കളിയുപകരണങ്ങൾ നൽകുന്ന പ്രോജക്ടിന് അനുമതി നൽകുന്നില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന് അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്**

നടപ്പാതകളുടെ നവീകരണത്തിനുള്ള പ്രോജക്ടിന് അംഗീകാരം നൽകുന്നില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കുലശേഖരപുരം ഗ്രാമപഞ്ചായത്ത്**

2009-10 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയ കോയിക്കൽ ജംഗ്ഷൻ - യു.എസ്.ഭവനം റോഡ് ടാറിംഗ് എന്ന പ്രവൃത്തി 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കൃഷി ഫാമിൽ ജീപ്പിന്റെ ആവശ്യം എന്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കുകയും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തശേഷം ആവശ്യം പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തുകളെയും അനുവദിക്കാൻ നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

പാർക്ക് നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തെ കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച് ഭരണ വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മലപ്പുറം നഗരസഭ**

പാണക്കാട് ശിഹാബ് തങ്ങൾ ഭവന നിർമ്മാണ പദ്ധതിയിൽ വായ്പയുടെ പലിശ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് നൽകേണ്ടതാണെന്നും, വായ്പയുടെ ഗ്യാരണ്ടി സർക്കാർ നൽകേണ്ടതിനാൽ ഫയൽ സർക്കാർ തലത്തിൽ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി – രണ്ടാം വാർഷിക പദ്ധതി രൂപീകരണം – വിശദീകരണം**

(പൊതു വിഷയങ്ങൾ ഇനം 2.4 ആയി തീരുമാനം എടുത്തു)

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 എറണാകുളം ജില്ലാ പഞ്ചായത്ത്**

(പൊതു വിഷയങ്ങൾ ഇനം 2.2 ആയി തീരുമാനം എടുത്തു. തീരുമാനം ജില്ലാ പഞ്ചായത്തിനെ അറിയിക്കേണ്ടതാണ്)

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്**

തനത്ഫണ്ട് ഉപയോഗിക്കണം എന്ന വ്യവസ്ഥയിൽ ആർട്സ് ആന്റ് സയൻസ് കോളേജിനായി സ്ഥലം വാങ്ങാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കൊല്ലം ജില്ലാ പഞ്ചായത്ത്**

കോളനി സമഗ്ര വികസന പദ്ധതിയിലെ പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്താൻ ഇത്തവണത്തേക്കു മാത്രം അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ഊരകം ഗ്രാമപഞ്ചായത്ത്**

കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ് കുടിശ്ശിക തനതുഫണ്ടിൽ നിന്ന് അടക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഇത് നിലവിലെ സെക്രട്ടറിയുടെ ബാദ്ധ്യതയാകുകയില്ലെന്നും തീരുമാനിച്ചു. കുടിവെള്ള പദ്ധതികൾ കൈമാറുമ്പോൾ ഇലക്ട്രിസിറ്റി മീറ്റർ കൂടി കൈമാറേണ്ട താണെന്ന് പൊതു നിർദ്ദേശം നൽകാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കൊല്ലം ജില്ലാപഞ്ചായത്ത് (ഫയൽ നം. 67747/ഡി.ബി.2/12/തസ്വഭവ**

കുഴിത്തുറ ഗവ.ഫിഷറീസ് സ്ക്കൂളിന്റെ കെട്ടിട നിർമ്മാണത്തിനുള്ള കുറഞ്ഞ ടെണ്ടർ തുക 2010 റിവൈസ്ഡ് SOR പ്രകാരമുള്ള എസ്റ്റിമേറ്റിനെക്കാൾ 20.66% കൂടുതലാണെങ്കിലും 2012 SOR പ്രകാരമുള്ള എസ്റ്റിമേറ്റിനെക്കാൾ അധികരിക്കാത്തതിനാൽ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം ടെണ്ടർ അംഗീകരിക്കാൻ തീരുമാനിച്ചു. 23.01.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ 3.1 ഇനത്തിൽ ഉള്ള തീരുമാനം ബാധകമാക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 വയലാർ ഗ്രാമപഞ്ചായത്ത്**

തനത് ഫണ്ട് ഉപയോഗിക്കണം എന്ന വ്യവസ്ഥയിൽ ഐ.റ്റി.ഐ.ക്ക് സ്ഥലം വാങ്ങാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.57242/ഡി.ബി.1/2012/തസ്വഭവ)**

2011-12 വർഷത്തിൽ ഐ.എ.വൈ., എസ്.എസ്.എ പ്രോജക്ടുകൾക്കായി 73363950/- രൂപ അധിക ചെലവു വരുത്തിയതും, റോഡ് പുനരുദ്ധാരണ വിഹിതത്തിൽ നിന്ന് 13431409/- രൂപ ഇതിനായി ഉപയോഗിച്ചതിനും സാധൂകരണം നൽകി തീരുമാനിച്ചു. 2011-12-ലെ സ്റ്റേറ്റ് സീഡ് ഫാം പാണഞ്ചേരി ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രോജക്ട് നടപ്പുവർഷത്തിൽ ഡാറ്റാഎൻട്രി നടത്താൻ വിട്ടുപോയത് സ്പിൽഓവറായി ഉൾക്കൊള്ളിക്കാൻ അനുതി നൽകുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

നിർമ്മിതികേന്ദ്രത്തെ ഏൽപ്പിച്ച പ്രവൃത്തി തുടരാൻ അനുവദിക്കണമെന്ന അപേക്ഷയിൽമേൽ പൊതുവിഷയങ്ങൾ 2.3-ലെ തീരുമാനം ബാധകമാക്കി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 അഴുത ബ്ലോക്ക് പഞ്ചായത്ത്**

പുതിയ പ്രോജക്ടുകളുടെ ഡാറ്റാഎൻട്രിക്ക് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 4.30-ന് സമാപിച്ചു)**